(ഇ) കത്തു മുഖേന അഭിപ്രായം ആരായാവുന്ന വിഷയങ്ങളെ കുറിച്ച് ആലോചിക്കാൻ സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥരെ മൂന്ന് ദിവസം തലസ്ഥാനത്ത് വിളിച്ചു കൂട്ടി പൊതു ധനം ദുർവ്യയം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ അനുവാദം വേണമെന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6.1.1998, 7.1.1998, എന്നീ തീയതികളിൽ തിരുവനന്തപുരത്തും, 12.5.1998ൽ തൃശൂരും, 24.11.1998 ൽ ആലുവയിലും വച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ആഫീസ് തലവന്മാരുടെ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ചെലവായ തുക ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ല.

(സി) യോഗം നടത്താനുള്ള തീരുമാനം 12.6.2000-ലെ ലെറ്റർ പ്രകാരം സർക്കാരിനെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) മുൻ കാലങ്ങളിൽ ചർച്ച ചെയ്തിട്ടുള്ള ചില വിഷയങ്ങൾ കൂടാതെ പ്രസ്തുത വിഷയങ്ങളുടെ നടത്തിപ്പിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ കൂടി ഈ യോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

(ഇ) കത്തു മുഖേന സ്വരൂപിച്ച അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളായിരുന്നതിനാൽ അവ വിശദമായി ചർച്ച നടത്താനും കാലതാമസം കൂടാതെ അഭിപ്രായ ഏകീകരണമുണ്ടാക്കാനും ഉദ്ദേശിച്ചാണ് ഇപ്പോൾ യോഗം വിളിച്ചിട്ടുള്ളത്. ഇത് ധനം ദുർവിനിയോഗം ചെയ്യുന്നതിനല്ല, മറിച്ച് വകുപ്പിന്റെ കാര്യക്ഷമത കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് വർദ്ധിപ്പിക്കാൻ വേണ്ടിയാണ്.

ലേലത്തിൽ പോയ മദ്യഷാപ്പുകളും കള്ളുഷാപ്പുകളും

31 (986)ഡോ. എം.എ. കുട്ടപ്പൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽവന്ന ശേഷം ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത് എന്ന് പറയുമോ;

(ബി) പ്രസ്തുത ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും ലേലത്തിൽ പിടിച്ചവർ എന്തു തുക വീതം കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(സി) ഓരോ വർഷവും മദ്യഷാപ്പുകളും കള്ളുഷാപ്പുകളും ലേലത്തിൽ പിടിച്ചവർക്ക് തുകയിൽ എന്തെങ്കിലും ഇളവ് ചെയ്യുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര വീതം ഇളവ് ചെയ്യുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ഗവണ്മെന്റ് നിലവിൽവന്ന ശേഷം ഓരോ വർഷവും മദ്യ ഷാപ്പുകളുടെയും കള്ളുഷാപ്പുകളുടെയും ലേലം ചെയ്ത തുക താഴെ കൊടു ക്കുന്നു.

വർഷം	കള്ള്	വിദേശമദ്യം
1996-97	57,22,43,450	78,79,77,420
1997-98	1,24,78,57,663	1,23,70,65,214
1998-99	83,37,39,563	1,11,91,79,770
1999-2000	1,24,25,28,394	1,31,65,10,136
2000-2001	1,46,44,27,079	1,46,47,53,353

(ബി)

വർഷം	കുടിശ്ശിക
1996-97	71,86,826 രൂപ
1997-98	21,68,95,166 രൂപ
1998-99	16,24,96,809 രൂപ
1999-2000	4,10,95,109 രൂപ

(സി) ഇല്ല.

(ഡി) ബാധകമല്ല.

മദ്യഷാപ്പുകളുടെ പ്രവർത്തന സമയം

32 (987)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകളുടെ പ്രവർത്തനസമയം രാവിലെ 10.30 മുതൽ രാത്രി 10.30 വരെയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് ഒരി ടത്തും ഇത് പ്രാവർത്തികമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവർത്തനപരിധി കർശനമായി പാലിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) തലസ്ഥാനത്തെ സിറ്റി റെയിഞ്ചിലെ കള്ളുഷാപ്പുകളി ലെങ്കിലും പ്രവർത്തനസമയപരിധി കർശനമായി പാലിക്കുന്നതിന് ശക്ത മായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) മദ്യഷാപ്പുകളുടെ പ്രവർത്തന സമയം 12 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് രാവിലെ 9 മണി മുതൽ രാത്രി 11 മണി വരെ യുള്ള സമയത്തിനുള്ളിലാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാ ണ്.

LIBRARY ARCHIVES Kerala Legislative Assembly